## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1454** **12-02-2025 - ൽ മറുപടിയ്ക്ക്**

## ഇതരസംസ്ഥാന തൊഴിലാളികൾക്കായി നടപ്പിലാക്കിയ അതിഥിആപ്പ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഇതരസംസ്ഥാന തൊഴിലാളികൾക്കായി നടപ്പിലാക്കിയ "അതിഥിആപ്പ്" എന്താണെന്ന് വിശദമാക്കാമോ; | (എ) | ഇതര സംസ്ഥാന തൊഴിലാളികളുടെ വിശദാംശങ്ങൾ ശേഖരിക്കുന്നതിനും ടി തൊഴിലാളികളുടെ രജിസ്ട്രേഷൻ പ്രാവർത്തികമാക്കുന്നതിനുമായി തൊഴിൽ വകുപ്പ് അതിഥി പോർട്ടൽ പ്രാവർത്തികമാക്കിയിട്ടുണ്ട്. ആയതിലൂടെ സംസ്ഥാനത്തേയ്ക്ക് കുടിയേറുന്നതിനു മുമ്പ് തന്നെ അതിഥി തൊഴിലാളികളുടെ വിവരങ്ങൾ വകുപ്പിൽ രജിസ്റ്റർ ചെയ്യുന്നതിനും ആയവരുടെ വിശദാംശങ്ങൾ ലഭ്യമാകുവാനും സഹായിക്കുന്നു. തൊഴിലുടമയ്ക്കും കരാറുകാർക്കും അവരവരുടെ തൊഴിലാളികളുടെ വിശദാംശങ്ങൾ സമർപ്പിക്കുന്നതിനും ടി പോർട്ടലിലൂടെ സാധിക്കുന്നു. 2024 ഒക്ടോബർ മുതൽ അതിഥി പോർട്ടൽ മോബൈൽ ആപ്ലിക്കേഷനായി രൂപീകരിക്കുകയും പ്ലേസ്റ്റോറിൽ ഹോസ്റ്റ് ചെയ്യുകയും, സംസ്ഥാന വ്യാപകമായി അതിഥി തൊഴിലാളി രജിസ്ട്രേഷൻ നടന്നു വരുകയും ചെയ്യുന്നു. നാളിതുവരെ 3,38,000/- പേർ അതിഥി പോർട്ടൽ/ ആപ്പ് മുഖേന രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | ഇതിന്റെ പ്രയോജനം ഏത് തരത്തിലാണ് അതിഥി തൊഴിലാളികൾക്ക് ലഭിക്കുന്നതെന്ന് വിശദമാക്കാമോ? | (ബി) | സംസ്ഥാനത്ത് 2017 മുതൽ ആവാസ് പദ്ധതിയിൽ ഇതര സംസ്ഥാന തൊഴിലാളികളെ രജിസ്റ്റർ ചെയ്ത് ടി തൊഴിലാളികൾക്ക് ചിസ് പ്ലസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കേരളത്തിലെ സർക്കാർ ആശുപത്രികളിൽ നിന്നും 25,000/-(ഇരുപത്തി അയ്യായിരം) രൂപ വരെയുള്ള ചികിത്സാ സഹായവും 2,00,000 (രണ്ട് ലക്ഷം) രൂപ അപകട ഇൻഷുറൻസും 1,00,000- (ഒരു ലക്ഷം) രൂപ ഡിസബിലിറ്റി ഇൻഷുറൻസും ലഭിക്കുന്നതിന് പുറമെ മെറ്റേണിറ്റി സംബന്ധമായ ചികിത്സ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളും നൽകി വരുന്നുണ്ട്. അതിഥി പോർട്ടൽ/ അതിഥി ആപ്പ് വഴി രജിസ്റ്റർ ചെയ്യുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്കും ആവാസ് പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ബാധകമാക്കി |

| | | | |
|---|---|---|---|
| | | | 30/09/2023-ലെ സ.ഉ(സധാ)നം.1228/2023/ തൊഴിൽ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ